പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2356

15.07.2011-ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയുടെ വികസനം

ചോദ്യം
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എസ് .രാജേന്ദ്രൻ
ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.ബി.ഡി.ദേവസ്സി

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ടൂറിസം മേഖലയുടെ തുടർന്നങ്ങോട്ടുള്ള വികസന ലക്ഷ്യവും പരിപാടികളും എന്താണെന്ന് വിശദമാക്കുമോ; | എ) | തൊഴിൽ സാധ്യത, വരുമാനം, വിദേശ നാണ്യം, വിനിമയം എന്നിവ വർദ്ധിപ്പിക്കുന്നതിലും പരിസ്ഥിതി സംരക്ഷിക്കുന്നതിലും ഊന്നിയുള്ള ടൂറിസം വികസനവും ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിലൂടെ കേരളീയ ജനസമൂഹത്തിൻെറ സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധിയുമാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനനുസൃതമായി ടൂറിസം അടിസ്ഥാന സൗകര്യവികസനം, മാലിന്യനിർമാർജ്ജനം, മെച്ചപ്പെട്ട റോഡുകൾ, താമസ സൗകര്യം വർദ്ധിപ്പിക്കൽ, ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ, മെച്ചപ്പെട്ട മാനവശേഷി വികസനം, നൂതന വിപണന പരിപാടികൾ , പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ടൂറിസം വകുപ്പ് മുഖ്യ പരിപാടികളായി കാണുന്നു. |
| ബി) | ഗ്രാമീണ ജനങ്ങൾക്കുകൂടി ടൂറിസത്തിന്റെ ഗുണഫലങ്ങൾ എത്തിച്ചുകൊടുക്കുന്നതിന്, ഉത്തരവാദിത്വ ടൂറിസം നയമായി സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കാൻ തയ്യാറാകുമോ; | ബി ) | ഉത്തരവാദിത്വ ടൂറിസം നയമായി സ്വീകരിച്ചുകൊണ്ടാണ് ടൂറിസം വകുപ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. |
| സി) | ഈ ദിശയിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി മുൻസർക്കാരിൻെറ കാലത്ത് ഓരോ വർഷവും സംസ്ഥാന ടൂറിസത്തിന് ലഭിച്ച അംഗീകാരങ്ങളുടെയും പുരസ്ക്കാരങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | സി) | താഴെ പറയുന്ന പുരസ്കാരങ്ങളാണ് മുൻ സർക്കാരിൻെറ കാലത്ത് കേരളാ ടൂറിസത്തിന് ലഭിച്ചത്.<br>**2006-2007**<br>മികച്ച ടൂറിസം സംസ്ഥാനം- ദേശീയ അവാർഡ്<br>മികച്ച ടൂറിസം ബോർഡ്- ഗലീലിയോ അവാർഡ്<br>മികച്ച ഗ്രാമീണ ടൂറിസം പദ്ധതി- ആറന്മുള (ഗലീലിയോ അവാർഡ്)<br>മികച്ച വെബ് സൈറ്റ്- ദേശീയ അവാർഡ്<br>മികച്ച അച്ചടി മാധ്യമ പരസ്യം- ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡ്<br>**2007-2008**<br>ഏറ്റവും വ്യത്യസ്തമായ ടൂറിസം പദ്ധതി- ഉത്സവം<br>അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതി- അന്തർദേശീയ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ, വാഗമൺ<br>ഏറ്റവും മികച്ച ഉത്തരവാദിത്വ ടൂറിസം പദ്ധതി- ബെറ്റർ ടുഗതർ<br>**2008-09**<br>മികച്ച ടൂറിസം ബോർഡ് അവാർഡ്- TAFI അവാർഡ്<br>വിപണനത്തിനുള്ള അവാർഡ് - PATA Gold അവാർഡ് - 2009<br>മികച്ച ഡെസ്റ്റിനേഷൻ- CNBC അവാർഡ്<br>**2009 -10**<br>മികച്ച മൂന്നാമത്തെ ഏഷ്യൻ ഹോളിഡേ ഡെസ്റ്റിനേഷനായി സ്മാർട്ട് ട്രാവൽ ഏഷ്യ കേരളത്തെ തെരഞ്ഞെടുത്തു.<br>ടൂറിസം മേഖലയിലെ മികച്ച ഇന്ത്യൻ വെബ് സൈറ്റായി കേരളാ ടൂറിസം വെബ് സൈറ്റിനെ P C World Magazine തെരഞ്ഞെടുത്തു. |

സെക്ഷൻ ഓഫീസർ